# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1954 | 16.02.2016-ൽ മറുപടിയ്ക്ക്

## അന്യസംസ്ഥാന തൊഴിലാളികൾ പ്രതികളായ കേസുകൾ

**ചോദ്യം**

ശ്രീ.പി.കെ.ബഷീർ

(എ) അന്യസംസ്ഥാന തൊഴിലാളികൾ പ്രതികളായ എത്ര കേസുകൾ ഇതിനോടകം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) അന്യസംസ്ഥാന തൊഴിലാളികൾ പ്രതികളായ നിരവധി കേസുകൾ ഉണ്ടാകുന്ന സാഹചര്യം കണക്കിലെടുത്ത് അവരുടെ പ്രവൃത്തികൾ നിരീക്ഷിക്കുന്നതിനും കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്നതിനും എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

**മറുപടി**

ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി)

(എ) ഈ സർക്കാരിന്റെ കാലത്ത് ഇതര സംസ്ഥാന തൊഴിലാളികൾ പ്രതികളായ 1770 കേസുകൾ ഇതിനോടകം രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് **അനുബന്ധമായി** ചേർത്തിരിക്കുന്നു.

(ബി) ഇതര സംസ്ഥാന തൊഴിലാളികളുടെ പേരും, വിലാസവും പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്തും, അവർക്ക് തിരിച്ചറിയൽ കാർഡുകൾ നൽകിയും, അവരുടെ ജോലിസ്ഥലങ്ങളിൽ പോയി നിരന്തരം നിരീക്ഷിച്ചും, ക്രിമിനൽ കുറ്റങ്ങളിൽ പ്രതികളായവരെ കണ്ടെത്തുന്നതിന് രഹസ്യാന്വേഷണം നടത്തിയും, ഇതര സംസ്ഥാന തൊഴിലാളികളെ കരാറിലെടുത്തിരിക്കുന്ന കരാറുകാരെ, ടിയാൻമാരുടെ കീഴിൽ ജോലി ചെയ്യുന്നവരുമായി ബന്ധപ്പെട്ട രജിസ്റ്റർ സൂക്ഷിക്കുന്നതിനും, ടിയാൻമാർ സ്ഥലം മാറിപോകുന്ന സമയം പ്രസ്തുത വിവരം പോലീസ് സ്റ്റേഷനിൽ അറിയിച്ചും, ഇതര സംസ്ഥാന തൊഴിലാളികൾ പ്രതികളായ നിരവധി കേസുകൾ ഉണ്ടാകുന്ന സാഹചര്യം കണക്കിലെടുത്ത് അവരുടെ പ്രവൃത്തികൾ നിരീക്ഷിക്കുന്നതിനും കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം

| DISTRICT | രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം |
|---|---|
| TVM C | 59 |
| TVM R | 33 |
| KLM C | 47 |
| KLM R | 34 |
| PTA | 85 |
| ALP | 78 |
| KTM | 88 |
| IDK | 28 |
| EKM C | 286 |
| EKM R | 374 |
| TSR C | 28 |
| TSR R | 40 |
| PKD | 34 |
| MPM | 240 |
| KKD C | 60 |
| KKD R | 72 |
| WYD | 5 |
| KNR | 57 |
| KSD | 21 |
| RLY | 101 |
| **Total** | **1770** |

17/9/2021

സെക്ഷൻ ഓഫീസർ